"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.പ്രഭീഷ്.വി.കെ., ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.903/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 16.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2693/2023/H&FWD തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.പ്രഭീഷ്.വി.കെ., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A9)
3. OA(EKM) No.903/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 16.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.പ്രഭീഷ്.വി.കെ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No. 903/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ

0381660 GOVERNMENT OF KERALA

പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) കരട് സ്ഥലംമാറ്റ പട്ടികയിൽ ഒന്നാം ഓപ്റ്റഡ് സ്റ്റേഷനിൽ സ്ഥലംമാറ്റത്തിന് ഉൾപ്പെടുത്തിയിരുന്നെങ്കിലും, പരാമർശം (1) അന്തിമ ഉത്തരവ് പ്രകാരം കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി എന്നും, ടിയാൻ സ്ഥലംമാറ്റം ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സ്റ്റേഷനിൽ തുടരുന്നവരുണ്ടെന്നും ആയതിനാൽ അർഹതപ്പെട്ട സ്ഥലംമാറ്റം അനുവദിച്ച് നൽകണമെന്നും അപേക്ഷകൻ പരാമർശം (2) അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷകൻ സ്ഥലം മാറ്റം ആവശ്യപ്പെട്ട വണ്ടൂർ താലൂക്ക് ആശുപത്രി, ഉറങ്ങാട്ടിരി സാമൂഹിക ആരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ ഒഴിച്ച് മറ്റ് സ്ഥാപനങ്ങളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ പറ്റുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. വണ്ടൂർ താലൂക്ക് ആശുപത്രിയിൽ 29.12.2018 മുതൽ മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ജാസ്മിൻ.കെ.എം., 15.06.2019 മുതൽ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.സജീബ്.കെ.പി. എന്നിവരെയും, ഉറങ്ങാട്ടിരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ 19.12.2018 മുതൽ വണ്ടൂർ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്ന SC/ST, മിശ്രവിവാഹിത എന്നീ മുൻഗണന വിഭാഗത്തിൽപ്പെട്ട ഡോ.ബവിത.വി.യെയും നിയമിച്ചിരുന്നു. ആയതിനാൽ അപേക്ഷകന്റെ അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്തു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട്

പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.പ്രഭീഷ്.വി.കെ. പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.903/2023-ന്മേലുള്ള 16.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
Dr.Prabheesh.V.K., Vattakandathil House, Mariyad.P.O., Manjeri (via), Malappuram - 676 122.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 16-10-2023 17:15:52
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-5160/2023/ആ.വ.ഡ, തീയതി 18.10.23
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി